**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **19-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസനത്തിന് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ വികസനത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെ എന്തെന്നും യാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ; | (എ) | ഉണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്. വിശദാംശങ്ങൾ അനുബന്ധം 1ആയി ചേർക്കുന്നു. |
| (ബി) | തീരദേശ സംരക്ഷണത്തിനും പോഷണത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | തീരദേശ സംരക്ഷണത്തിനും പോഷണത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | (സി) | ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-3

സംസ്ഥാനത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ 25 മത്സ്യബന്ധന ഹാർബറുകളാണുള്ളത്. ആയതിൽ 21 എണ്ണം പ്രവർത്തിച്ചു വരുന്നു. ഇതിൽ (ചെത്തി, പരപ്പനങ്ങാടി, അർത്തുങ്കൽ, കാസർഗോഡ്) ഹാർബറുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി. നബാർഡ് ആർ.ഐ.ഡി.എഫ് XXIII ലെ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. നബാർഡ് ആർ.ഐ.ഡി.എഫ് XXV ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് XXVI, നബാർഡ് ആർ.ഐ.ഡി.എഫ് XXVII ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII (25.37 കോടി)**

a. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം)- പൂർത്തീകരിച്ചു.
b. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം)-പൂർത്തീകരിച്ചു.
c. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം)-പൂർത്തീകരണ ഘട്ടത്തിലാണ്.
d. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം)-പൂർത്തീകരിച്ചു.

**നബാർഡ് XXV (37.19 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം)- പൂർത്തീകരിച്ചു.
2. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം)-പൂർത്തീകരിച്ചു.

**നബാർഡ് XXVI (57.44 കോടി)**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം)-പുരോഗമിക്കുന്നു.

2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം) പുരോഗമിക്കുന്നു

3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)--പുരോഗമിക്കുന്നു

4.കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)–പുരോഗമിക്കുന്നു

**നബാർഡ് XXVII (38.87 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) –– പുരോഗമിക്കുന്നു.
2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം)– പുരോഗമിക്കുന്നു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം)– പുരോഗമിക്കുന്നു.

**ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി ലഭിച്ചു. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പൂരോഗമിച്ചു വരികയുമാണ്.

1. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – പൂർത്തീകരിച്ചു.
2. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – ഫേസ് I– പുരോഗമിക്കുന്നു.
3. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു.
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം– ഫേസ്– 1 – പുരോഗമിക്കുന്നു.
5. മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു.

**<u>ആർ.കെ.വി.വൈ</u>**

ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ (97.84 ലക്ഷം), പുതിയാപ്പ (1101.80 ലക്ഷം), ചോമ്പാൽ (408.44 ലക്ഷം) എന്നിവിടങ്ങളിൽ പുതിയ ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

## അനുബന്ധം-2

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി 111.00 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മഞ്ചേശ്വരം തീരസംരക്ഷണ പദ്ധതി, കാസർഗോഡ് | 13.47 | പദ്ധതി പൂർത്തീകരിച്ചു |
| 2 | തലായ് തീരസംരക്ഷണ പദ്ധതി, കണ്ണൂർ | 3.48 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ചേറ്റുവ തീരസംരക്ഷണ പദ്ധതി, തൃശ്ശൂർ | 6.86 | പദ്ധതി പൂർത്തീകരിച്ചു |
| 4 | കൊല്ലം താന്നി തീര സംരക്ഷണ പദ്ധതി, കൊല്ലം | 35.08 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 5 | പൂന്തുറ തീരസംരക്ഷണ പദ്ധതി, തിരുവനന്തപുരം | 20.78 | പദ്ധതി പുരോഗമിക്കുന്നു |
| 6 | മുതലപ്പൊഴി തീരസംരക്ഷണ പദ്ധതി, തിരുവനന്തപുരം | 26.51 | പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു |
| 7 | കായംകുളം തീരസംരക്ഷണ പദ്ധതി, ആലപ്പുഴ | 2.42 | പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം നൽ കേണ്ടതുണ്ട്. |
| 8 | തോട്ടപ്പള്ളി തീരസംരക്ഷണ പദ്ധതി, ആലപ്പുഴ | 2.40 | |

സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളോട് അനുബന്ധിച്ചു വരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങളും പോഷണ പ്രവർത്തനങ്ങളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ കടലാക്രമണ ഭീഷണി നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബി സ്കീം മുഖേന 85.40 കോടി

രൂപയുടെയും, നബാർഡ് സ്കീം വഴി 7.1376 കോടി രൂപയുടെയും ടൂറിസം വകുപ്പിൽ നിന്നും 8.35 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി പ്രകാരം 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്കായി വ്യക്തിഗത ഭവന നിർമ്മാണം, ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകൽ എന്നിവ നടപ്പിലാക്കി വരുന്നു.

സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 21002 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. സ.ഉ. (സാധാ) 1009/2019/മ.ഉ.വ. തീയതി 26.12.2019 പ്രകാരം ഭരണാനുമതി നൽകിയ പുനർഗേഹം പദ്ധതിയിൽ 8235 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്. തിരുവനന്തപുരം ജില്ലയിലെ കാരോട് (128), ബീമാപള്ളി (20) എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ പൊന്നാനി (128) യിലുമായി 276 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളതുമാണ്. കൊല്ലം ജില്ലയിലെ QSS കോളനി (114), ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം (228), എന്നിവിടങ്ങളിലായി 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കാരോട് (24), വലിയതുറ (192), മലപ്പുറം ജില്ലയിലെ പൊന്നാനി (100), നിറമരുതൂർ (16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി തുടർ നടപടി സ്വീകരിച്ചു വരികയാണ്.

## അനുബന്ധം-1

- ഫിഷറീസ് വകുപ്പ് മുഖാന്തിരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2021-22 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2008.84 കോടി രൂപ വകയിരുത്തുകയും 1920.82 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
- 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു
- തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണം പദ്ധതി പൂർത്തീകരിച്ചു വരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നു.
- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കിഫ്ബി തീരസംരക്ഷണം 85.40 കോടി, ആർ.ഐ.ഡി.എഫ് സ്കീം 7.14 കോടി, ടൂറിസം വകുപ്പിൽ നിന്ന് 8.35 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായി. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 209.66 കോടി രൂപയുടെ ഹാർബർ നിർമ്മാണം പുരോഗമിക്കുന്നു. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു വരുന്നു, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിൽ ഉൾപ്പെടുത്തി ബെർത്തിംഗ് ജെട്ടി നിർമ്മാണം 24.88 കോടി രൂപ പദ്ധതി പൂർത്തീകരിച്ചു, ഹാർബർ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.ഐ.ഡി.എഫ് സ്കീം 56.05 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു, 102.81 കോടി രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.
- ഓഖി പുനരധിവാസ പദ്ധതി 46.54 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

## പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. പുനർഗേഹം പദ്ധതി

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2450 കോടി രൂപയുടെ അടങ്കൽ തുകയുള്ള പദ്ധതിയാണ് പുനർഗേഹം. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങൾ നിരന്തരമായ കടൽക്ഷോഭത്താൽ ദുരിതം അനുഭവിക്കേണ്ടി വരുന്നവരാണ്. മൺസൂൺ കാലങ്ങളിൽ ഉണ്ടാകുന്ന കടൽക്ഷോഭം ചുഴലിക്കാറ്റ് പോലുള്ള പ്രകൃതി ക്ഷോഭങ്ങൾ തീരദേശവാസികളുടെ സ്ഥാവര ജംഗമ വസ്തു വകകൾക്ക് നഷ്ടമുണ്ടാക്കുന്നത് സാധാരണമാണ്. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും അടിക്കടി ഉണ്ടാകുന്ന ന്യൂന മർദ്ദങ്ങളും ചുഴലിക്കാറ്റുകളും വിവിധ പ്രകൃതി പ്രതിഭാസങ്ങളുടെ ഭാഗമായുള്ള കടൽക്ഷോഭവും കടൽകയറ്റവും മൂലം സംസ്ഥാനത്ത് വലിയ നിരക്കിൽ തീരശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. തദവസരത്തിൽ ദുരിതബാധിതർക്ക് അവർ വസിക്കുന്ന ഭവനങ്ങൾ അപകടത്തിൽ നഷ്ടപ്പെടുന്നതോടൊപ്പം വൻ

സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു. ടി പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപാർപ്പിക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് സ.ഉ. (സാധാ) നം. 1009/2019/മ.ഉ.വ. തീയതി 26.12.2019 പ്രകാരം ഭരണാനുമതി നൽകി. കടലാക്രമണ ഭീതിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിലൂടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനുള്ള ടി പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളിൽ പരിഗണിക്കപ്പെട്ടവരും ഉൾപ്പെടെ ആകെ 21002 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പദ്ധതി പ്രകാരം മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളിൽ 3313 പേർ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്.

## 2. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ പാക്കേജിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 66.34 കോടി രൂപയുടെ തീരദേശത്തെ തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, 209.64 കോടി രൂപയുടെ ഹാർബർ നിർമ്മാണം, 137.82 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റ് പുനരുദ്ധാരണം എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

## 3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

കടലാക്രമണ ഭീഷണി നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിനായി കിഫ്ബി സ്കീം മുഖേന 85.40 കോടി രൂപയുടെയും നബാർഡ് സ്കീം വഴി 7.1376 കോടി രൂപയുടെയും ടൂറിസം വകുപ്പിൽ നിന്നും 8.35 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി. മൂന്ന് പ്രവർത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിച്ചു വരുന്നു. കൂടാതെ ഓഖി ഡവലെപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരികയുമാണ്.

**4. ഓഖി പുനരധിവാസ പദ്ധതി**

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓഖി സ്പെഷ്യൽ പാക്കേജ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആണ് ഈ പാക്കേജിന്റെ ഭാഗമായി നടപ്പാക്കി വരുന്നത്. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഓഖി പുനരധിവാസ പദ്ധതി ഘട്ടം 1-ലെ പദ്ധതികളുടെ ചെലവഴിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമനമ്പർ | പദ്ധതി | ചെലവഴിച്ചതുക (Rs. in lakh ) |
|---|---|---|
| 1 | ഭവനനിർമ്മാണപദ്ധതി (72 nos ) | 190.00 |
| 2 | ഭവനപുനരുദ്ധാരണം (458 nos ) | 194.5 |
| 3 | മറൈൻ ആംബുലൻസ് (3 nos ) | 736 |
| 4 | മത്സ്യബന്ധനഉപകരണങ്ങൾക്ക്നഷ്ടപരിഹാരം (375 nos ) | 654.5145 |
| 5 | ലൈഫ്ജാക്കറ്റ് വിതരണം (40000 nos) | 604.944 |
| 6 | നാവിക്ഉപകരണങ്ങൾ (15000 nos ) | 229.5 |
| 7 | സാറ്റലൈറ്റ്ഫോൺ (1000 nos ) | 225.36 |
| 8 | സുരക്ഷാസ്ക്വാഡ് (900 nos ) | 547.10255 |
| 9 | വിദ്യാഭ്യാസധനസഹായപാക്കേജ് | 178.35 |
| 10 | ശ്രീജോഷിക്ക്നൽകിയനഷ്ടപരിഹാരം (sanctioned from savings amount) | 20.19 |
| | TOTAL | 3580.46105 |

ഓഖി പുനരധിവാസ പദ്ധതി ഘട്ടം 2-ലെ പദ്ധതികളുടെ ചെലവഴിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ചതുക (രൂപലക്ഷത്തിൽ ) |
|---|---|---|
| 1 | FRP ബോട്ട് (120 ) | 795.66 |
| 2 | മത്സ്യസംസ്കരണയൂണിറ്റ് /വിപണനഔട്ട് ലെറ്റ് | 82.68515 |
| 3 | മത്സ്യബന്ധനഉപകരണങ്ങളുടെനഷ്ടപരിഹാരം (6th phase ) | 83.43 |
| 4 | തിരുവനന്തപുരംജില്ലയിലെപുനരധിവാസം (38 ) | 210.714 |
| | TOTAL | 1172.48915 |